# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*



No.59/PR/PIC/PHQ/17                                        Date : 23.03.2017


## നാടിന്റെ പുരോഗതിയെ പിന്നോട്ടടിക്കുന്ന അഴിമതിക്കെതിരെ കുട്ടിപ്പോലീസിന്റെ ബിൽ

കേരളത്തിന്റെ സമസ്ത മേഖലകളേയും ഗ്രസിച്ചിരിക്കുന്ന അഴിമതിയെ സമൂഹത്തിൽ നിന്നും തുടച്ചു മാറ്റുന്നതിനുള്ള അഴിമതി നിരോധന ബിൽ 2017 പാസാക്കിയ മാതൃകാ അസംബ്ലി സെഷൻ സമകാലികസമൂഹത്തെ ഇരുത്തി ചിന്തിപ്പിക്കുന്നതിന് വഴിയൊരുക്കി. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ടിന്റെ സംസ്ഥാനതല സമ്മർ ക്യാമ്പിനോട് അനുബന്ധിച്ച് നടന്ന മാതൃകാ അസംബ്ലിയിലാണ് ബിൽ പാസാക്കിയത്.

പഴയ നിയമസഭാ ഹാളിൽ നടന്ന അസംബ്ലിയിൽ പ്രതിപക്ഷ എതിർപ്പിനെ ശബ്ദ വോട്ടോടെ തള്ളിയാണ് സ്പീക്കർ കോഴിക്കോട് സിറ്റിയിലെ കേഡറ്റായ കുമാരി എം. ജിൽഷ ബിൽ പാസാക്കിയത്. സംസ്ഥാനത്തെ 404 സ്കൂളുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 599 കേഡറ്റുകളാണ് ചെയ്ഞ്ച് ലീഡേഴ്സ് മീറ്റ് 2017 എന്ന് പേരിട്ടിരിക്കുന്ന ക്യാമ്പിൽ പങ്കെടുക്കുന്നത്. ബില്ലിൻമേൽ നടന്ന ചർച്ചയും രൂക്ഷവിമർശനങ്ങളും ഉൾപ്പെടെ ശബ്ദായമാനമായ രംഗങ്ങൾക്കാണ് പഴയ നിയമസഭാ ഹാൾ സാക്ഷ്യം വഹിച്ചത്. നിലവിലുള്ള അഴിമതി നിരോധന നിയമങ്ങൾ ശക്തമായി നടപ്പാക്കാൻ കഴിയാത്തതിന്റെ ജാള്യത മറയ്ക്കാൻ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെയും തലയ്ക്ക്മീതേ സ്ഥാപിക്കുകവഴി സ്വജനപക്ഷപാതത്തിന് സർക്കാർ വഴിയൊരുക്കുകയാണെന്ന് ബില്ലിനെ എതിർത്തുകൊണ്ട് പ്രതിപക്ഷ നേതാവ് മലപ്പുറത്തുകാരി കുമാരി കെ.പി. റെഷീന പറഞ്ഞു. സാധാരണക്കാരെ ബാധിക്കുന്ന വിലക്കയറ്റം പോലുള്ള വിഷയങ്ങൾ ശ്രദ്ധിക്കാതെയും ഉദ്യോഗസ്ഥ വൃന്ദത്തെ നിലയ്ക്ക് നിർത്താൻ കഴിയാതെയും സർക്കാർ ഇരുട്ടിൽ തപ്പുകയാണെന്ന് കുമാരി കെ.പി. അപർണ ആരോപിച്ചു. ഇപ്പോൾ നിലവിലുള്ള നിയമങ്ങളെ സർക്കാർ ഭയപ്പെടുന്നുവെന്നും കോർപ്പറേറ്റുകൾക്കുവേണ്ടി നിലവിലെ നിയമങ്ങളെ സർക്കാർ കശാപ്പ് ചെയ്യുന്നുവെന്നും ബില്ലിനെ എതിർത്തുകൊണ്ട് കൊല്ലത്തുകാരൻ ജെ.ജി. ആനന്ദ് ആരോപിച്ചു. അഴിമതിക്കെതിരെയുള്ള യുദ്ധം ജനങ്ങൾ മുന്നിൽ നിന്ന് നയിക്കണമെന്ന് കാസർകോഡ് നിന്നുള്ള ഹനാ അബ്ദുൾ സമീർ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ആഹ്വാനം ചെയ്തു. അഴിമതിയെ അറബി കടലിൽ തള്ളാനാണ് ഈ ബിൽ എന്നുള്ള വാദം പാലക്കാട്ടുകാരി സാന്ദ്രാ സാറാ ബിനോയി ഉന്നയിച്ചത് സഭയിൽ ഇപ്പോൾ കാണുന്നതുപോലുള്ള

ശബ്ദായമാനമായ രംഗങ്ങൾ ഉണ്ടാക്കി.. സ്പീക്കർ തൻമയത്വത്തോടെ സഭയെ ശാന്തമാക്കി. കണ്ണൂരിൽ നിന്നുള്ള കുമാരി വി.പി. നന്ദന മുഖ്യമന്ത്രിയായി. കോഴിക്കോട്ടുകാരി നിയമവകുപ്പ് മന്ത്രി കുമാരി ഗാഥാനാഥാണ് ബിൽ അവതരിപ്പിച്ചത്. കേരള നിയമസഭ ഡെപ്യൂട്ടി സ്പീക്കർ വി.ശശി മോഡൽ അസംബ്ലി ഉദ്ഘാടനം ചെയ്തു. നിയമസഭാ സെക്രട്ടറി ബാബു പ്രകാശും സീനിയർ മാധ്യമ പ്രവർത്തകൻ ജേക്കബ് ജോർജും മോഡറേറ്റർമാരായ അസംബ്ലിയിൽ ക്യാമ്പ് കമാണ്ടന്റ് യു. അബ്ദുൾ കരീം, റെജി ജേക്കബ് എന്നിവർ സംബന്ധിച്ചു.

*******